ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 28.11.2025** **TIME : 07.25 PM**

പ്രധാന

## പ്രധാനവാർത്തകൾ

1. യുവാക്കൾ രാജ്യത്തിന്റെ ഭാവിയുടെ ശിൽപികളും സാംസ്കാരിക പാരമ്പര്യത്തിന്റെ സംരക്ഷകരുമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.
   President Draupadi Murmu says that youth are the architects of the country's future and the guardians of cultural heritage.
2. സമൂഹത്തിന്റെ ഐക്യത്തിലൂടെയാണ് വികസിത ഇന്ത്യയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുകയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
   Prime Minister Narendra Modi says that the goal of a developed India will be achieved through the unity of society.
3. ദിത്വാ ചുഴലിക്കാറ്റിൽ ശ്രീലങ്കയിൽ 56 മരണം. ദുരിതാശ്വാസത്തിനായി ഇന്ത്യ ഓപ്പറേഷൻ സാഗർ ബന്ധു ആരംഭിച്ചു.
   Cyclone Ditva kills 56 in Sri Lanka. India launches Operation Sagar Bandhu for relief.

4. 56-ാമത് ഇന്ത്യ രാജ്യാന്തര ചലച്ചിത്ര മേളയുടെ സമാപന ചടങ്ങുകൾ ഗോവയിൽ പുരോഗമിക്കുന്നു.

   The closing ceremonies of the 56th International Film Festival of India are underway in Goa.

5. രാജ്യത്തെ വ്യവസായ, നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കാൻ സ്വതന്ത്ര വ്യാപാര കരാർ സഹായകമായെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

   Union Minister Piyush Goyal says that the free trade agreement has helped increase the country's business and investment potential.

6. കേരളത്തിൽ വോട്ടെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിങ് മെഷീനുകൾ തയ്യാറായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

   Electronic voting machines are ready for voting in Kerala, the State Election Commissioner said.

**************

## President

യുവാക്കൾ രാജ്യത്തിന്റെ ഭാവിയുടെ ശിൽപികളും, മഹത്തായ സാംസ്കാരിക പാരമ്പര്യങ്ങളുടെ സംരക്ഷകരുമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഉത്തർപ്രദേശിലെ ലഖ്നൗവിൽ നടന്ന ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സിന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. 19-ാമത് ദേശീയ ജാംബോറിയെ രാഷ്ട്രപതി അഭിസംബോധന

ചെയ്തു. കഴിഞ്ഞ 75 വർഷമായി സേവന മനോഭാവത്തോടെ പ്രവർത്തിക്കുന്ന ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് രാഷ്ട്രനിർമ്മാണത്തിൽ സജീവ പങ്കാളികളാണ് എന്നത് അഭിമാനകരമാണെന്ന് രാഷ്ട്രപതി പറഞ്ഞു. നേരത്തെ ലക്നൗവിൽ, 2025-26 ലെ ബ്രഹ്മാകുമാരിസിന്റെ വാർഷിക പ്രമേയമായ 'ലോക ഐക്യത്തിനും വിശ്വാസത്തിനുമുള്ള ധ്യാനം' എന്ന പരിപാടിയുടെ ഉദ്ഘാടനവും രാഷ്ട്രപതി നിർവ്വഹിച്ചു.

**************

## NAVY DAY

നാവികസേനാ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രപതി ദ്രൗപദി മുർമു  ിസംബർ മൂന്നിന് തിരുവനന്തപുരത്തെത്തും. ശംഖുമുഖം ബീച്ചിൽ നടക്കുന്ന ആഘോഷങ്ങളിൽ നാവികസേനയുടെ പോരാട്ട വീര്യം പ്രദർശിപ്പിക്കുന്ന അഭ്യാസ പ്രകടനങ്ങൾ അരങ്ങേറും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി പരിപാടിയ്ക്ക് ആതിഥേയത്വം വഹിക്കും.

**************

## PM GOA (INTRO)

സമൂഹത്തിന്റെ ഐക്യത്തിലൂടെയാണ് വികസിത ഇന്ത്യയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുകയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. എല്ലാ പ്രദേശങ്ങളും

വിഭാഗങ്ങളും ഒന്നിക്കുമ്പോൾ രാഷ്ട്രം വലിയ കുതിച്ചുചാട്ടം നടത്തുമെന്നും അദ്ദേഹം പറഞ്ഞു. ഗോവയിലെ ശ്രീസംസ്ഥാൻ ഗോകർൺ പാർതഗലി ജീവോത്തം മഠത്തിന്റെ 550-ാം വാർഷികാഘോഷ ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി.
(ഹോൾഡ് വോയിസ്)

കർണാടകയിലെ ഉ ുപ്പി ശ്രീകൃഷ്ണ മഠത്തിൽ ഗീതാപാരായണ പരിപാടിയിലും പ്രധാനമന്ത്രി പങ്കെടുത്തു.
പ്രകൃതിദത്ത കൃഷി പ്രോത്സാഹിപ്പിക്കുക , ചെറുധാന്യങ്ങൾ ജീവിതശൈലിയുടെ ഭാഗമാക്കുക, എണ്ണയുടെ ഉപയോഗം കുറക്കുക, യോഗ നിത്യജീവിതത്തിൽ ഉൾപ്പെടുത്തുക തുടങ്ങിയ ദേശീയ ലക്ഷ്യങ്ങളോട് ജനങ്ങൾ പ്രതിബദ്ധത പുലർത്തണമെന്ന് സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെയും, സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതിനായി സ്വദേശി പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

**************

## PUTIN INDIA VISIT

23-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാനായി റഷ്യൻ പ്രസി ന്റ് വ്ളാ ിമിർ പുടിൻ അടുത്ത മാസം നാലിന് ഇന്ത്യയിലെത്തും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ

ക്ഷണപ്രകാരമാണ് അദ്ദേഹം ഇന്ത്യയിലെത്തുന്നത്. രണ്ട് ദിവസത്തെ സന്ദർശനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തുന്ന പുടിൻ രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ വിരുന്നിലും പങ്കെടുക്കും. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താൻ സന്ദർശനം അവസരമൊരുക്കുമെന്നു വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

**************

## REV. RAJNATH CDD

സമാധാനത്തിലും സംഭാഷണത്തിലും ഇന്ത്യ വിശ്വസിക്കുന്നുവെന്നും എന്നാൽ പരമാധികാരത്തിലും പൗരന്മാരുടെ സുരക്ഷയിലും വിട്ടുവീഴ്ചയ്ക്കില്ലെന്നും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂ□ ൽഹിയിൽ നടന്ന ചാണക്യ പ്രതിരോധ സംഭാഷണത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ സായുധ സേനയുടെ സംയമനവും ദൃഢതയുമാണ് രാജ്യത്തിന്റെ അയൽപക്ക വെല്ലുവിളികളെ നേരിടുന്നതെന്നും പ്രാദേശിക സ്ഥിരതയ്ക്ക് അടിത്തറ നൽകുന്നതെന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

**************

## IFFI

ലോകമെമ്പാടുമുള്ള ചലച്ചിത്ര പ്രേമികൾക്കും, സിനിമ പ്രവർത്തകർക്കും ചലച്ചിത്രക്കാഴ്ചയുടെ പുത്തൻ ലോകം

സമ്മാനിച്ച് 56-ാമത് ഇന്ത്യ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരശ്ശീല വീഴും. സമാപന ചടങ്ങുകൾ ഗോവയിൽ പുരോഗമിക്കുന്നു. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ, ഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്ത്, ഫെസ്റ്റിവൽ  യറക്ടർ ശേഖർ കപൂർ എന്നിവർ ചടങ്ങിൽ പങ്കെടുക്കുന്നു. സമാപന സമ്മേളനത്തിൽ വിഖ്യാത നടൻ ധർമേന്ദ്രയ്ക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കും. സിനിമാ യാത്രയുടെ 50 വർഷങ്ങൾ പിന്നിടുന്ന നടൻ രജനീകാന്തിന് ചടങ്ങിൽ ആദരം നൽകും. സുവർണ്ണ മയൂരം, രജതമയൂരം ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ സമ്മാനിക്കും. ഈ മാസം 20 ന് ആരംഭിച്ച ചലച്ചിത്ര മേളയിൽ 81 രാജ്യങ്ങളിൽ നിന്നുള്ള 240-ഓളം ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്.

**************

## REV EC-SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രണ്ടാംഘട്ടത്തിന്റെ ഭാഗമായി 50 കോടി 68 ലക്ഷം എന്യൂമറേഷൻ ഫോമുകൾ ഇതിനകം കൈമാറിയതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഈ ഘട്ടത്തിൽ ഉൾപ്പെട്ട മൊത്തം 51 കോടി വോട്ടർമാരുടെ 99.43 ശതമാനത്തിനും ഫോം ലഭ്യമാക്കിയിട്ടുണ്ട്. കേരളം ഉൾപ്പെടെ 9 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് എസ്.ഐ.ആർ രണ്ടാം ഘട്ടം നടപ്പാക്കുന്നത്. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 7 ന് പ്രസിദ്ധീകരിക്കും.

**************

## VOTING MACHINE

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനായുള്ള ഇലക്ട്രോണിക് വോട്ടിങ് മെഷീനുകൾ തയ്യാറായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അറിയിച്ചു. ആദ്യഘട്ട പരിശോധന കഴിഞ്ഞ് പ്രവർത്തനസജ്ജമായ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഇന്നു മുതൽ ജില്ലകളിലെ സ്ട്രോംഗ് റൂമുകളിൽ നിന്ന് വിതരണകേന്ദ്രങ്ങളിലേയ്ക്ക് കൊണ്ടുപോകും. അമ്പതിനായിരത്തി അറുനൂറ്റി ഏഴ് (50,607) കൺട്രോൾ യൂണിറ്റുകളും, ഒരു ലക്ഷത്തി 37,862 ബാലറ്റ് യൂണിറ്റുകളുമാണ് ഇത്തവണ തദ്ദേശ തിരഞ്ഞെടുപ്പിനായി ഉപയോഗിക്കുന്നത്. ഡിസംബർ 3 മുതൽ ഇവ കാൻഡിഡേറ്റ് സെറ്റിങ് നടത്തി വോട്ടെടുപ്പിന് സജ്ജമാക്കും.

**************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്' മറ്റന്നാൾ രാവിലെ 11 മണിക്ക്.
ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും നിർദ്ദേശങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും, നരേന്ദ്ര മോദി ആപ്പ്, MyGov

ഓപ്പൺ ഫോറം എന്നിവയിലൂടെയും ഇന്നുകൂടി സമർപ്പിക്കാം.

**************

## REV GOYAL FICCI (INTRO)

രാജ്യത്ത് വ്യവസായത്തിന്റെയും നിക്ഷേപത്തിന്റെയും സാധ്യതകൾ വർദ്ധിപ്പിക്കാൻ നിരവധി രാജ്യങ്ങളുമായുള്ള സ്വതന്ത്ര വ്യാപാര കരാർ സഹായകമായെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ഇന്ന് ന്യൂ ൽഹിയിൽ FICCI യുടെ 98-ാമത് വാർഷിക പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.
സ്വാശ്രയ സാമ്പത്തിക ശക്തികേന്ദ്രം എന്ന മഹാത്മാഗാന്ധിയുടെ ദർശനവുമായി ചേർന്ന് നില്ക്കുന്നതാണ് ഫിക്കിയുടെ ഈ വർഷത്തെ പ്രമേയം എന്നും പിയുഷ് ഗോയൽ പറഞ്ഞു.
(HOLD VOICE)
യുഎസ്, യൂറോപ്യൻ യൂണിയൻ ഉൾപ്പെടെ 14 ഗ്രൂപ്പ് രാജ്യങ്ങളുമായി ഇന്ത്യ ചർച്ചകൾ നടത്തിവരികയാണെന്ന് ശ്രീ ഗോയൽ പറഞ്ഞു.

**************

## SL-CYCLONE + IMD

തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ദിത്വ ദിത്വാ ചുഴലിക്കാറ്റിനെ തുടർന്ന് ശ്രീലങ്കയിൽ മഴയിലും മണ്ണിടിച്ചിലിലും വെള്ളപ്പൊക്കത്തിലും മരണസംഖ്യ 56 ആയി. 21 പേരെ കാണാതായി. ഏകദേശം 44,000 ആളുകളെ ദുരന്തം ബാധിച്ചിട്ടുണ്ട്. ചുഴലിക്കാറ്റ് തമിഴ്നാട്, തീരദേശ

ആന്ധ്ര, പുതുച്ചേരി എന്നിവിടങ്ങളിലേക്ക് നീങ്ങുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ചുഴലിക്കാറ്റിന്റെ പ്രഭാവത്തിൽ ▯ിസംബർ 1 വരെ മേഖലയിൽ ശക്തമായ കാറ്റിനും മഴക്ക് സാധ്യത ഉണ്ട്. ഈ ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**************

## PM CYCLONE DITWAH

ദിത്വാ ചുഴലിക്കാറ്റിൽ ഉറ്റവരെ നഷ്ടപ്പെട്ട ശ്രീലങ്കയിലെ ജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. ദുരിതബാധിതരായ എല്ലാ കുടുംബങ്ങളുടെയും സുരക്ഷ, ആശ്വാസം, വേഗത്തിലുള്ള തിരിച്ചുവരവ് എന്നിവയ്ക്കായി ശ്രി നരേന്ദ്രമോദി സന്ദേശത്തിൽ ആശംസിച്ചു.

**************

## JAISHANKAR - SAGAR BANDHU

ദിത്വാ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ഇന്ത്യ ഓപ്പറേഷൻ സാഗർ ബന്ധു ആരംഭിച്ചതായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ . ഇന്ത്യൻ നാവിക സേനാ കപ്പലുകളായ ഐ.എൻ.എസ്. വിക്രാന്തും ഐ.എൻ.എസ്. ഉദയഗിരിയും കൊളംബോയിൽ ദുരിതാശ്വാസ വസ്തുക്കൾ കൈമാറിയതായി അദ്ദേഹം സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. തുടർ നടപടികൾ പുരോഗമിക്കുകയാണെന്നും ശ്രീ ജയശങ്കർ കൂട്ടിച്ചേർത്തു.

**************

## International flights - Doha

ദിത്വാ ചുഴലിക്കാറ്റിനെ തുടർന്ന് ദോഹയിൽ നിന്നും ദുബായിൽ നിന്നും കൊളംബോയിലേക്ക് പുറപ്പെട്ട വിമാനങ്ങൾ തിരുവന്തപുരം വിമാനത്താവളത്തിൽ ഇറക്കി. വിവിധ ഇടങ്ങളിൽ നിന്ന് കൊളംബോയിലേക്ക് പുറപ്പെട്ട അഞ്ച് വിമാനങ്ങൾ നേരത്തെ തിരുവനന്തപുരം വിമാനത്താവളത്തിൽ ഇറക്കിയിരുന്നു. ഇതിലെ യാത്രക്കാരെ ഹോട്ടലുകളിലേക്ക് മാറ്റി പാർപ്പിക്കുമെന്ന് എയർലൈൻസ് അധികൃതർ അറിയിച്ചു.

**************

## Kerala -Rain

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

തിരുവനന്തപുരം ,കൊല്ലം,പത്തനംതിട്ട ,ഇടുക്കി ജില്ലകളിൽ

ഇന്നും പത്തനംതിട്ട ,ഇടുക്കി,പാലക്കാട് , മലപ്പുറം , വയനാട് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**************

*********

****